പ്പെടുവിച്ചിട്ടുള്ള പരസ്യം കൊച്ചിയിലെ Labour Exchange ഡിപ്പാർട്ട്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്റ്റോറിലെ പരീക്ഷായോഗ്യതയുള്ള അധഃകൃതരിൽ ആരെങ്കിലും ഇൻഡ്യാഗവമ്മെണ്ടിന്റെ കീഴിൽ, ആ പരസ്യം അനുസരിച്ച് ഉദ്യോഗം സമ്പാദിച്ചുകൊടുക്കുവാൻ Labour Exchange ഓഫീസർക്ക് കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്;

(സി) അധഃകൃതരിൽനിന്നും എത്രപേരുടെ അപേക്ഷകൾ Labour Exchange വഴി ഇൻഡ്യാഗവമ്മെണ്ടിനോ മദിരാശി ഗവമ്മെണ്ടിനോ അയച്ചുകൊടുത്തിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഉണ്ട്. നൂറുപേർക്ക്.

(സി) ഈ പേരുടെ വിവരങ്ങൾ ഇൻഡ്യാഗവമ്മെണ്ട് ഒഴിവുകളിലേക്കായി; ഒഴിവുകൾ അറിയിച്ചതനുസരിച്ച് അയച്ചുകൊടുത്തിട്ടുണ്ട്.

TATA SCHOOL OF SOCIOLOGY—CANDIDATES—SELECTION OF

157. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞകൊല്ലം ടാറ്റാ സ്കൂൾ ഓഫ് സോഷ്യോളജിയിലേക്ക് അയക്കുവാൻ തിരഞ്ഞെടുത്തവരെ അയക്കുകയുണ്ടായോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇക്കൊല്ലം അവരെ അയക്കുകയുണ്ടായോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇക്കൊല്ലം അവിടെ എത്ര സീറ്റ് കൊച്ചി ഗവമ്മെണ്ട് സമ്പാദിച്ചിട്ടുണ്ട്;

(എഫ്) അതിലേക്ക് ആരെയെല്ലാമാണ് തിരഞ്ഞെടുത്തത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) സ്റ്റോറിലെ അപേക്ഷ കിട്ടുന്നതിനുമുമ്പു സീറ്റെല്ലാം അലോട്ടുചെയ്തു പോയതിനാൽ കഴിഞ്ഞകൊല്ലം തിരഞ്ഞെടുത്തവരെ അയക്കാൻ സാധിച്ചില്ല.

(സി) ഇല്ല.

(ഡി) കഴിഞ്ഞകൊല്ലം തിരഞ്ഞെടുത്ത രണ്ടുപേരിൽ ഒരാൾക്ക് (സ്ത്രീക്ക്) സാമ്പത്തിക പരിതസ്ഥിതികളാൽ പോകുവാൻ സമ്മതമുണ്ടായില്ല. സമ്മതമുണ്ടായിരുന്ന മറ്റൊരാളെ ഇവിടെ നിന്നും തുപാർശ ചെയ്യുകിലും കൂടുതൽ പരീക്ഷായോഗ്യതകളുള്ള അപേക്ഷകൾ ഉണ്ടായിരുന്നതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിഷൻ കമ്മറ്റി സ്റ്റോറ തുപാർശ ചെയ്തിരുന്ന അപേക്ഷകനെ തിരഞ്ഞെടുത്തില്ല.

(ഇ) ഇക്കൊല്ലം കൊച്ചീക്കാരനായ ഒരു വിദ്യാർത്ഥിക്ക് ഒരു സീറ്റ തരാമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അധികാരികൾ സമ്മതിച്ചിരിക്കുന്നു.

(എഫ്) അതിലേക്ക കഴിഞ്ഞകൊല്ലം ഇവിടെ നിന്നും തിരഞ്ഞെടുത്തതായി മിസ്റ്റർ എൻ. കെ. ശ്രീധരനെ തന്നെ തുപാർശ ചെയ്തിരുന്നു എങ്കിലും കൊച്ചീക്കാരിയായ ഒരു പ്രൈവറ്റ അപേക്ഷകയായ ഒരു സ്ത്രീയെയാണ് ഇൻസ്റ്റിറ്റ്യൂട്ട് തിരഞ്ഞെടുത്തത്. അവർക്ക് മിസ്റ്റർ ശ്രീധരനേക്കാൾ കൂടുതൽ പരീക്ഷായോഗ്യതകൾ ഉണ്ടായിരുന്നതിനാലാണ് അവരെ ഇൻസ്റ്റിറ്റ്യൂട്ട് അധികാരികൾ തിരഞ്ഞെടുത്തത്. പക്ഷെ അവർ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുകയുണ്ടായില്ല. തൽമൂലമുണ്ടായ ഒഴിവിൽ മിസ്റ്റർ ശ്രീധരനെ പിന്നെയും ഇവിടെ നിന്നും തുപാർശ ചെയ്തെങ്കിലും സീറ്റെല്ലാം കൂടുതൽ പരീക്ഷായോഗ്യതകൾ ഉള്ള അപേക്ഷകന്മാർക്ക കൊടുത്തുപോയതിനാൽ മിസ്റ്റർ ശ്രീധരന്റെ കാര്യം ആലോചിക്കുവാൻ സാധ്യമല്ലെന്നാണ് മറുപടി ലഭിച്ചത്.

PERINGALKUTHU SCHEME—RENTING OF ELEPHANTS—DETAILS REGARDING

158. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ദയവുണ്ടാകുമോ:—

(എ) പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്ക ഗവമ്മെണ്ട് ആനകളെ പാട്ടത്തിനു എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly